"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദ സഞ്ചാര വകുപ്പ് - ജീവനക്കാര്യം - മലപ്പുറം ഗസ്റ്റ് ഹൗസ്- കുക്ക് തസ്തിക-ശ്രീ. ഷഫാസ് വി.കെ യെ ദിവസ വേതന അടിസ്ഥാനത്തിൽ തുടരാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.195/2024/TSM തീയതി,തിരുവനന്തപുരം, 31-03-2024

---

പരാമർശം:-

1. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 16.06.2023 തീയതിയിലെ DOT/8096/2023-E5 നമ്പർ കത്ത്
2. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 26.09.2023 തീയതിയിലെ DOT/13826/2023-E5 നമ്പർ കത്ത്

**ഉത്തരവ്**

വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള മലപ്പുറം ഗസ്റ്റ് ഹൗസിൽ കുക്ക് തസ്തികയിലെ ഒഴിവിൽ ശ്രീ. ഷഫാസ് വി.കെ യെ ദിവസവേതനാടിസ്ഥാനത്തിൽ 25.01.2023 മുതൽ 90 ദിവസത്തേക്ക് നിയമിച്ച മാനേജരുടെ നടപടിക്ക് വകുപ്പിൽ നിന്നും സാധൂകരണം നൽകിയിരുന്നു. പ്രസ്തുത കാലാവധി അവസാനിച്ചതിനാലും കുക്ക് തസ്തികയിലെ ഒഴിവിൽ സ്ഥിര നിയമനം നടക്കാത്ത സാഹചര്യത്തിലും ഗസ്റ്റ് ഹൗസിന്റെ സുഗമമായ പ്രവർത്തനത്തിന് കുക്ക് തസ്തികയിലെ സേവനം ഒഴിച്ച് കൂടാനാവാത്തതിനാൽ ശ്രീ. ഷഫാസ് വി.കെ യെ കുക്ക് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിലനിർത്തുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നു വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശ കത്തുകൾ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ഗസ്റ്റ് ഹൗസിലെ കുക്ക് തസ്തികയിൽ ശ്രീ. ഷഫാസ്. വി.കെ യെ 01.05.2023 മുതൽ 31.03.2024 വരെ ദിവസവേതനാടിസ്ഥാനത്തിൽ തുടരാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. 31.03.2024 തീയതി പ്രാബല്യത്തിൽ ടിയാന്റെ സേവനം അവസാനിപ്പിക്കേണ്ടതാണ്. ഈ തസ്തികയിലേക്ക് സ്ഥിരനിയമനം നടക്കാൻ വീണ്ടും കാലതാമസം ഉണ്ടാകുന്ന പക്ഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ദിവസ വേതന

അടിസ്ഥാനത്തിൽ ഒരു വ്യക്തിയെ നിയമിക്കുന്നതിനുള്ള നടപടികൾ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, പാർക്ക് വ്യൂ, തിരുവനന്തപുരം
ശ്രീ. ഷഫാസ്. വി. കെ (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം
ധനകാര്യ (വ്യയം ബി) വകുപ്പ് [08.03.2024 ലെ 2503832/വ്യയം-ബി2/275/2023-ധന. നമ്പർ റിമാർക്സ് പ്രകാരം]
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ടൂർ-എ1/203/2023-ടൂർ)

ഉത്തരവിൻ പ്രകാരം
Signed by
Mathew John
Date: 02-04-2024 12:48:39
സെക്ഷൻ ഓഫീസർ

പകർപ്പ്:
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്